# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### മുനിസിപ്പാലിറ്റി രൂപീകരണം

4595 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും
ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്തുകളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>പുതിയ മുനിസിപ്പാലിറ്റികൾ</u>**

**4596 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ബി) ഈ സാമ്പത്തിക വർഷം അവ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

## നീലേശ്വരം മുനിസിപ്പാലിറ്റി

4597 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

പുതുതായി അനുവദിച്ച നീലേശ്വരം മുനിസിപ്പാലിറ്റിയിൽ മറ്റ് മുനിസിപ്പാലിറ്റികളിൽ ഉള്ളതുപോലെ ജീവനക്കാരുടെയും പശ്ചാത്തല സൗകര്യത്തിനുള്ള ഫണ്ടിന്റെയും ലഭ്യത ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### നഗരങ്ങളുടെ സമഗ്ര വികസന പദ്ധതി

4598 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് നഗരങ്ങളുടെ ഒരു സമഗ്ര വികസന പദ്ധതി തയ്യാറാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) ടൗണുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നും വിശദീകരിക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കൊയിലാണ്ടി നഗരസഭയുടെ പദവി**

4599 **ശ്രീ. കെ. ദാസന്‍**

താഴെ കാണുന്ന ചോദ്യത്തിന്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

കൊയിലാണ്ടി നഗരസഭയുടെ പദവി ഉയര്‍ത്താന്‍ സര്‍ക്കാര്‍ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 29.06.2012 -ലെ മറുപടിക്ക്

**'മാലിന്യ മുക്ത കേരളം' പദ്ധതി**

4600 ശ്രീ. സി. ദിവാകരൻ
'' കെ. രാജു
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'മാലിന്യ മുക്ത കേരളം' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തെല്ലാമാണ്;

(ബി) മാലിന്യ മുക്ത കേരളം പദ്ധതി ഫലപ്രദമായി നടക്കുന്നില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ എന്തെല്ലാം പ്രവർത്തന ങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**മാലിന്യ നിർമ്മാർജ്ജനത്തിന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ**

**4601**

**ശ്രീ. എ. എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാലിന്യ നിർമ്മാർജ്ജനത്തിന് എന്തൊക്കെ പദ്ധതികളാണ് ഇതിനോടകം നടപ്പാക്കിയത്;

(ബി) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്ഥാപിച്ചിട്ടുളള അറവുശാലകളിൽ നിന്നുളള അവശിഷ്ടങ്ങൾ സംസ്ക്കരിക്കുന്നതിന് നിലവിലുളള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മാലിന്യ നിർമ്മാർജ്ജനത്തിന് സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും ആധുനിക രീതിയിലുളള ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിനായി കോർപ്പറേഷനുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപവീതമാണ് നൽകിയതെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**നഗര ശുചീകരണ സംവിധാനത്തിൽ പോലീസിന്റെ സഹായം**

4602 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരശുചീകരണ മേഖലയിൽ പോലീസിന്റെ സഹായം കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### വിളപ്പിൽശാല മാലിന്യപ്ലാന്റ്

4603 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' വി. ശിവൻകുട്ടി
'' കോലിക്കോട് എൻ. കൃഷ്ണൻനായർ
'' ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല മാലിന്യപ്ലാന്റ് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള സുപ്രീംകോടതി നിർദ്ദേശം സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) കോടതി നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലെങ്കിൽ പ്രസ്തുത വിവരം കോടതിയെ അറിയിച്ചിട്ടുണ്ടോ ;

(സി) മാലിന്യപ്ലാന്റ് തുറന്ന് പ്രവർത്തിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ ; പ്രതിദിനം എത്ര ടൺ മാലിന്യം വിളപ്പിൽശാലയിൽ സംസ്കരിച്ചുവരുന്നുണ്ട് ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗത്തിന് നിയന്ത്രണം**

4604 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ലൂഡി ലൂയിസ്
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷ
ക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(ബി) എത്ര മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ബാഗുകളാണ് നിരോധിച്ചിട്ടുള്ളത്;

(സി) നിരോധിച്ച ബാഗുകളുടെ ശേഖരണം ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ വില നിശ്ചയിക്കുവാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>പ്ലാസ്റ്റിക് സംസ്ക്കരണത്തിന് റീസൈക്ലിംഗ് യൂണിറ്റുകള്‍</u>**

**4605**

**ശ്രീ. എം. ഉമ്മര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങള്‍ റീ സൈക്കിള്‍ ചെയ്ത് പുനരുപയോഗം നടത്തുന്നതിനായി നിലവില്‍ പദ്ധതികളുണ്ടോ;

(ബി) മുനിസിപ്പാലിറ്റികളിലും കോര്‍പ്പറേഷനുകളിലും ഇത്തരം റീസൈക്ലിംഗ് യൂണിറ്റുകള്‍ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**നഗരങ്ങളിലെ കെട്ടിടനിർമ്മാണ രംഗത്തെ നിയമതടസ്സങ്ങൾ**

4606 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിടനിർമ്മാണ രംഗത്ത് നിലനിൽക്കുന്ന നിയമതടസ്സങ്ങൾ ലഘൂകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) കേന്ദ്ര മന്ത്രാലയത്തിന്റെ പരിസ്ഥിതി നിയമങ്ങളും സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങളും പരിഗണിച്ച് നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുവാൻ തയ്യാറാകുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കെട്ടിടനിർമ്മാണ അനുമതി**

4607 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കെട്ടിനിർമ്മാണ അനുമതി വേഗത്തിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) അനുമതിക്കുള്ള അപേക്ഷകൾ ഓൺലൈൻ വഴി ആക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എല്ലാ നഗരങ്ങളിലും ഈ സംവിധാനം നടപ്പാക്കാൻ ശ്രമിക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>സീനിയർ ടൗൺ പ്ലാനർ വിജിലൻസ് സംവിധാനം</u>

4608 ശ്രീ. എം. എ. വാഹീദ്
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള സീനിയർ ടൗൺ പ്ലാനർ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രധാന ചുമതലകൾ എന്തെല്ലാമാണ്;

(സി) അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനായി സീനിയർ ടൗൺ പ്ലാനർ വിജിലൻസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി വിവിധ റീജിയണുകളിൽ വിജിലൻസ് ഓഫീസുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### ഓടിട്ട കെട്ടിടങ്ങൾക്ക് നികുതി ഇളവ്

4609

**ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ഓടിട്ട കെട്ടിടങ്ങൾക്ക് നികുതി ഇളവു നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) നഗരസഭകളിലെ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നടവഴികളോട് ചേർന്ന് വീടു നിർമ്മിക്കുന്നതിന് പ്രത്യേക ഇളവുകളുണ്ടോ;

(സി) രണ്ട് സെന്റിൽ കുറവുള്ള ഭൂമിയിൽ വീട് വയ്ക്കുന്നതിന് നിലവിലെ ചട്ടങ്ങളിൽ ഉള്ള ഇളവുകൾ എന്തെല്ലാമാണ്; ഇത്തരം വീടുകൾ നടവഴിയിൽ നിന്നും പാലിക്കേണ്ട അകലം എത്ര;

(ഡി) ദൂരപരിധി സംബന്ധിച്ച് ഇളവു നൽകുന്നതിന് സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>നഗരകാര്യ വകുപ്പിലെ കമ്പ്യൂട്ടറൈസേഷന്‍</u>

4610 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, ഷാഫി പറമ്പില്‍
,, ഹൈബി ഈഡന്‍
,, പി.എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നഗരകാര്യവകുപ്പിലെ കമ്പ്യൂട്ടറൈസേഷന്‍ പദ്ധതി ഇപ്പോള്‍ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് ഏജന്‍സിയുമായി ചേര്‍ന്നാണ് ഇത് നടപ്പാക്കുന്നത്;

(സി) ഈ പദ്ധതി എന്ന് പൂര്‍ത്തിയാക്കാനാകും എന്നാണ് കരുതുന്നത്;

(ഡി) കമ്പ്യൂട്ടറൈസേഷന്‍ വഴി എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങള്‍ക്ക് ലഭിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### മാലിന്യ നിർമ്മാർജ്ജനത്തിനായി പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ

4611 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരങ്ങളിലും മാലിന്യ നിർമ്മാർജ്ജനത്തിനായി പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള പദ്ധതി കാര്യക്ഷമമായി നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എത്രകോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(സി) പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിക്ക് എത്ര ശതമാനം സബ്സിഡിയാണ് സഹായമായി നൽകുന്നത്;

(ഇ) പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനായി മറ്റ് ഏജൻസികളെ ഏല്പിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>കോർപ്പറേഷനുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ</u>**

4612 ശ്രീ. എസ്. ശർമ്മ
,, ബി. ഡി. ദേവസ്സി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ കോർപ്പറേഷനുകൾക്ക് ഗുണം ലഭിക്കത്തക്ക വിധം പുതുതായി എത്ര മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തനം ആരംഭിച്ചു എന്നറിയിക്കുമോ;

(ബി) ഏതെല്ലാം കോർപ്പറേഷനുകളിലാണ് നിലവിൽ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പണി ആരംഭിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(സി) കോർപ്പറേഷനുകളിലെ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണത്തിനായി 2011-12 വർഷത്തിൽ എത്ര തുക വകയിരുത്തിയിരുന്നു; ഇതിൽ എത്ര തുക പ്രസ്തുത ആവശ്യത്തിനായി കോർപ്പറേഷനുകൾക്ക് കൈമാറി എന്നറിയിക്കുമോ;

(ഡി) 2011-12 വർഷത്തിൽ അനുവദിക്കപ്പെട്ട തുകയിൽ നിന്ന് ആകെ എത്ര തുക ചെലഴിക്കപ്പെട്ടു എന്നറിയിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**മാലിന്യസംസ്ക്കരണത്തിനായി കാസർഗോഡ് ജില്ലയിലെ നഗരസഭകൾക്ക് ധനസഹായം**

4613 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്ക്കരണ പദ്ധതികൾക്കായി സംസ്ഥാന സർക്കാരിൽനിന്നോ ഏജൻസികളിൽനിന്നോ കാസർഗോഡ് ജില്ലയിലെ നഗരസഭകൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം നഗരസഭകൾക്ക് എത്ര രൂപ വീതം ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(സി) ധനസഹായം ലഭിച്ച നഗരസഭകൾ അതുപയോഗിച്ച് മാലിന്യസംസ്കരണ പദ്ധതികൾ നടക്കിലാക്കിയിട്ടുണ്ടോ ;

(ഡി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും സർക്കാർ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ഇ) നടപ്പിലാക്കിയ പദ്ധതികൾ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>ആലപ്പുഴയിൽ മാലിന്യ സംസ്കരണ പ്ലാന്റ്</u>**

4614 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭ മാലിന്യസംസ്കരണ പ്ലാന്റിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക</u>**

**4615 ശ്രീ. പി.കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യത്തിന്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കുന്ന പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക ഏതെല്ലാം വിധത്തിലാണ് ചെലവഴിച്ചത്; ബഡ്ജറ്റിൽ എന്തുതുക വകയിരുത്തിയിരുന്നു?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**ആലപ്പുഴയിൽ ബയോഗ്യാസ് പ്ലാന്റുകൾ**

**4616 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരസഭയിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് റസിഡന്റ്സ് അസ്സോസിയേഷനുകൾ മുഖേന ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാന ശുചിത്വമിഷൻ നഗരസഭകളിലെ മാലിന്യപ്രശ്നം പരിഹരിക്കുവാൻ എന്തു സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനം**

**4617** **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിന് പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് തരത്തിലുളള പദ്ധതിയാണ് പരിഗണനയിലു ളളത് ;

(സി) പുതിയ പദ്ധതിയുടെ പ്രവൃത്തി എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**രാജീവ് ആവാസ് യോജന പദ്ധതി**

**4618 ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രാജീവ് ആവാസ് യോജന (ആർ.എ.വൈ) പദ്ധതിയിൽ ഒരു ലക്ഷത്തിനു മുകളിൽ ജനസംഖ്യയുള്ള നഗരങ്ങളെയാണ് ഉൾപ്പെടുത്തുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള നഗരങ്ങളായിരിക്കണമെന്നുള്ള വ്യവസ്ഥ കാരണം കേരളത്തിലെ പല നഗരങ്ങൾക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേല്പറഞ്ഞ നിബന്ധനയിൽ ഇളവ് വരുത്തുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**നഗരസഭകളുടെ പട്ടികജാതി പട്ടികവര്‍ഗ്ഗ ക്ഷേമ പദ്ധതികള്‍**

4619 **ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നഗരസഭകളുടെ 2011-12 സാമ്പത്തികവര്‍ഷത്തെ പദ്ധതിയില്‍ ചേര്‍ത്തല നഗരസഭ പട്ടികജാതി-പട്ടികവര്‍ഗ്ഗ വിഭാഗത്തിന് എന്തുതുകയാണ് നീക്കിവച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ; പട്ടികജാതി-പട്ടികവര്‍ഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രസ്തുത തുക പൂര്‍ണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ;

(ബി) പദ്ധതി വിഹിതം നിശ്ചിത കാലയളവിനുള്ളില്‍ ചെലവഴിക്കാതിരുന്നതിനാല്‍ പ്രസ്തുത വിഭാഗങ്ങള്‍ക്ക് ലഭിക്കേണ്ടിയിരുന്ന എത്രലക്ഷം രൂപയാണ് അവരുടെ ക്ഷേമ പ്രവര്‍നത്തനങ്ങള്‍ക്ക് വിനിയോഗിക്കപ്പെടാതെ ചേര്‍ത്തല നഗരസഭയ്ക്ക് നഷ്ടമായത് എന്ന് വ്യക്തമാക്കുമോ; ഇപ്രകാരം സംഭവിക്കാനുണ്ടായ കാരണം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>നഗരങ്ങളിലെ വസ്തു നികുതി സമ്പ്രദായം</u>

4620 **ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വസ്തു നികുതി സമ്പ്രദായം മൂലം പല നഗരസഭകളിലും 500 മുതൽ 600 ഇരട്ടി നികുതി വർദ്ധനവ് ഉണ്ടാകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കോർപ്പറേഷൻ ജനപ്രതിനിധികളെ ആക്രമിച്ച സംഭവം**

**4621 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ മാലിന്യപ്രശ്നവുമായി ബന്ധപ്പെട്ട് സമരം നടത്തിയ കോർപ്പറേഷൻ ജനപ്രതിനിധികളെ ജീവനക്കാർ ആക്രമിച്ചുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ;

(സി) ഈ സംഭവത്തിൽ തിരുവനന്തപുരം കോർപ്പറേഷനിലേതല്ലാത്ത ഏതെങ്കിലും ജീവനക്കാർ പങ്കെടുത്തതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**<u>വഴികെട്ടി അടയ്ക്കുന്നവർക്കെതിരെ നടപടി</u>**

**4622 ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷൻ, നഗരസഭ, പഞ്ചായത്ത് എന്നിവകളുടെ നടവഴികളും പൊതുവഴികളും കെട്ടി അടയ്ക്കുന്നതിനെതിരെ നടപടി എടുക്കുന്നത് ഏതൊക്കെ വകുപ്പുകളാണ്; വിശദമാക്കുമോ;

(ബി) നടവഴികളും പൊതുവഴികളും കെട്ടി അടയ്ക്കുന്നതിനെതിരെയുള്ള പ്രധാന ഉത്തരവുകൾ ഏതെല്ലാം?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>വള്ളുവനാട് വികസന അതോറിറ്റി</u>

**4623 ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര വികസന അതോറിറ്റികൾക്ക് രൂപം നൽകി; അവ ഏതെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വള്ളുവനാട് വികസന അതോറിറ്റിയിൽ വരുന്ന മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; ഇതിന്റെ കേന്ദ്രം എവിടെയെന്നും ഈ അതോറിറ്റിയുടെ പരിധിയിൽ എത്ര കുടുംബങ്ങൾ അധിവസിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പാലക്കാട്, മലപ്പുറം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് വള്ളുവനാട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു കാരണത്താലാണ് വള്ളുവനാട് വികസന അതോറിറ്റി എന്ന് പേരിട്ട് പാലക്കാട് ജില്ലയെ ഒഴിവാക്കിയത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

വള്ളുവനാട് വികസന അതോറിറ്റി

4624 ശ്രീ. എം. ചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വള്ളുവനാട് വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി എന്ത് തുക ചെലവഴിക്കുകയുണ്ടായി;

(സി) അതോറിറ്റി രൂപീകരിക്കുമെന്ന് ഈ സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായോ;

(ഡി) വികസന അതോറിറ്റികൾ രൂപീകരിക്കാനുള്ള നിർദ്ദേശം ഏതെങ്കിലും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളതാണോ?

# കേരള നിയമസഭ
## 29.06.2012 –ലെ മറുപടിക്ക്

**കേന്ദ്രമാതൃകയിൽ ന്യൂനപക്ഷ കമ്മീഷൻ**

**4625 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യംവച്ച് കേന്ദ്രമാതൃകയിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പിന്നോക്ക – ന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വായ്പകൾ നൽകുന്നതിനായി ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിയ്ക്കായി നിക്ഷേപിച്ച കോര്‍പ്പസ് ഫണ്ട്**

**4626** **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി സംബന്ധിച്ച ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുളളത് ;

(ബി) മുന്‍ സര്‍ക്കാര്‍ ഇതിനായി നിക്ഷേപിച്ച കോര്‍പ്പസ് ഫണ്ട് എത്രയാണെന്നും ഇത് എവിടെയാണ് നിക്ഷേപിച്ചിരുന്നതെന്നും
വ്യക്തമാക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം കോര്‍പ്പസ് ഫണ്ട് എവിടെയാണ് നിക്ഷേപിച്ചത് ;

(ഡി) എന്തു തുകയാണ് നിക്ഷേപിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(ഇ) കോര്‍പ്പസ് ഫണ്ടില്‍ വന്ന വര്‍ദ്ധനവ് എത്രയാണ് ;

(എഫ്) ഈ വര്‍ദ്ധനവ് സര്‍ക്കാറിന്റെ ബഡ്ജറ്റ് വിഹിതമാണോ ;

(ജി) പ്രസ്തുത ഫണ്ട് നിക്ഷേപിച്ച ട്രഷറി, ബാങ്കിംഗ് ട്രഷറിയാണോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷന്‍**

**4627** ശ്രീ. പി.റ്റി.എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷന്‍ രൂപീകരിക്കണമെന്ന് കേന്ദ്ര ന്യൂനപക്ഷ കമ്മീഷന്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ;

(ബി) ന്യൂനപക്ഷ കമ്മീഷന്‍ രൂപീകരിക്കുന്നതിനുള്ള ബില്‍ മന്ത്രിസഭ അംഗീകരിച്ചിരുന്നുവോ;

(സി) ഇത് സംബന്ധിച്ച ഓര്‍ഡിനന്‍സ് ഗവര്‍ണ്ണര്‍ക്ക് അയക്കുകയുണ്ടായോ;

(ഡി) നിയമസഭയില്‍ സര്‍ക്കുലേറ്റ് ചെയ്ത ബില്‍ നിയമമാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ</u>

4628 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>ന്യൂനപക്ഷ വിഭാഗത്തില്‍പ്പെട്ട</u>**
**<u>വിദ്യാര്‍ത്ഥികള്‍ക്ക് സഹായം</u>**

**4629 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷക്ഷേ
മവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്ക് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് കേന്ദ്ര ഗവണ്‍മെന്റില്‍ നിന്നും ലഭിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) മൗലാനാ ആസാദ് ഫൗണ്ടേഷന്‍ മുഖേന നടപ്പിലാക്കുന്ന പദ്ധതികള്‍, ന്യൂനപക്ഷ വിദ്യാര്‍ത്ഥികള്‍ക്ക് പഠനസഹായം നല്‍കുന്ന കേന്ദ്ര പദ്ധതി, മറ്റ് കേന്ദ്ര പദ്ധതികള്‍ എന്നിവ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിഭാഗത്തിലെ വനിതകളുടെ ക്ഷേമം</u>

4630 **ശ്രീ. പി. കെ. ബഷീര്‍**

താഴെ കാണുന്ന ചോദ്യത്തിന്
മുനിസിപ്പാലിറ്റികളും കോര്‍പ്പറേഷനുകളും ന്യൂനപക്ഷ
ക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

**സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്‍ കീഴില്‍ ന്യൂനപക്ഷ വിഭാഗത്തില്‍പ്പെട്ട വനിതകളുടെ ക്ഷേമത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികള്‍ നിലവിലുണ്ടോ; എങ്കില്‍ അവ ഏതെല്ലാമാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?**